
## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഉപയോക്തൃ മാന്വൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടമായ CMLRRP 2.0 നടപ്പിലാക്കുന്നത്. സർക്കാർ പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം, പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കുകയും ബന്ധപ്പെട്ട എംഎൽഎമാർ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ബജറ്റിൽ അനുവദിച്ച ഫണ്ടിന്റെ ലഭ്യതയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകുകയും വേണം. പ്രധാനപ്പെട്ട റോഡുകൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന പ്രാദേശിക റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും, ജെജെഎം ഘട്ടം - 1 ന്റെ ഭാഗമായി പുനർനിർമ്മിക്കാത്ത റോഡുകൾക്കും ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നു. നിലവിൽ ഡിഫെക്റ്റ് ലയബിലിറ്റി പിരീഡിലുള്ള റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ യോഗ്യമല്ല. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം, ഒരു ബാഹ്യ സാങ്കേതിക വിദഗ്ധൻ (വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ / എൽഎസ്ജിഡി / കെപിഡബ്ല്യുഡി / മറ്റേതെങ്കിലും ഗവൺമെന്റ് എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ) എന്നിവരും ഇംപ്ലിമെന്റിംഗ് ഓഫീസറും ഉൾപ്പെടുന്ന ജില്ലാതല ഗുണനിലവാര നിരീക്ഷണ സമിതി പരിശോധിക്കും.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ Assistant Engineer, Assistant Executive Engineer, EE (Accounts), Drawing Branch Users, Junior Superintendent in EE office, Divisional Accountant, Executive Engineer, Chief Engineer, Principal Directorate ലെ ഓപ്പറേറ്റർ, വെരിഫയർ, അപ്രൂവർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് പുറമേ കോൺട്രാക്ടർക്കും DLTC മെമ്പർമാർക്കും ലോഗിൻ ഉണ്ടായിരിക്കുന്നതാണ്. സുലേഖ ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ടി ലോഗിൻ ഉപയോഗിച്ച് തന്നെ ഈ ആപ്ലിക്കേഷനിലും പ്രവർത്തിക്കാൻ സാധിക്കും. സുലേഖ ലോഗിൻ ലഭ്യമല്ലാത്ത ഉപയോക്താക്കൾക്ക് MIS user type ലുള്ള ഉപയോക്തൃ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.


**ആപ്ലിക്കേഷനിൽ പ്രവേശിക്കുന്നതിനായി https://cmlrrptwo.lsgkerala.gov.in എന്ന url ഉപയോഗിക്കുക. ചിത്രം 1**




(ചിത്രം 1)


## Assistant Engineer Login

സുലേഖ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് Assistant Engineer ക്ക് ആപ്ലിക്കേഷനിൽ പ്രവേശിക്കാവുന്നതാണ്. Login Type Sulekha തെരെഞ്ഞെടുക്കേണ്ടതാണ്.





(ചിത്രം 2)

അസിസ്റ്റന്റ് എഞ്ചിനീയറുടെ ലോഗിനിൽ പ്രവേശിച്ചാൽ ചിത്രം 3 ലെ പോലെയുള്ള സ്ക്രീൻ ലഭിക്കും. ഡാഷ്ബോർഡിൽ ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ, സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകൾ, ടെണ്ടർ / ടെണ്ടർ ടാബുലേഷൻ രേഖപ്പെടുത്തിയ പ്രോജക്ടുകൾ, വർക്ക് അവാർഡ് ചെയ്യപ്പെട്ട പ്രോജക്ടുകൾ എന്നിവയുടെ എണ്ണവും, എണ്ണത്തിൽ ക്ലിക്ക് ചെയ്താൽ വിവരണങ്ങളും കാണാൻ സാധിക്കും. (ചിത്രം 3.1).





(ചിത്രം 3 )




| # | Project Id | Project Name | Serial No | AS Amount | AS Ref. No. | Road Length (Km) | Road Width Row | Road Carriage Width (Metres) |
|---|---|---|---|---|---|---|---|---|
| 1 | 1300 | LRRP 2024-25 Aroor LAC 3528 Ezhupunna grama panchayath ward 1011 Puthussery colony road Ezhupunna G P Pattanakad Block panchayath Alappuzha district | 3528 | 2000000 | സ.ഉ.(കൈ) നം.14/2025/LSGD | | | |
| 2 | 1299 | LRRP 2024-25 Aroor LAC 3288 Ezhupunna grama panchayath ward 11 NH Mattapally Palathinkal road Ezhupunna G P Pattanakad Block panchayath Alappuzha district. | 3288 | 2500000 | സ.ഉ.(കൈ) നം.14/2025/LSGD | | | |
| 3 | 1298 | LRRP 2024-25 Aroor LAC 2863 Ezhupunna grama panchayath ward 2 Powrasamithi road Ezhupunna G P Pattanakad Block panchayath Alappuzha district. | 2863 | 1700000 | സ.ഉ.(കൈ) നം.14/2025/LSGD | | | |
| 4 | 1297 | LRRP 2024-25 Aroor LAC 482 Ezhupunna grama panchayath ward 4 KPMS-Inchuparambu road Ezhupunna G P Pattanakad Block panchayath Alappuzha district. | 482 | 2300000 | സ.ഉ.(കൈ) നം.14/2025/LSGD | | | |
| 5 | 1296 | LRRP 2024-25 Aroor LAC 44 Ezhupunna grama panchayath ward 16 Kumarapuram Maniyanganattu road Ezhupunna G P Pattanakad Block panchayath Alappuzha district | 44 | 2000000 | സ.ഉ.(കൈ) നം.14/2025/LSGD | | | |


(ചിത്രം 3.1)

Project Status എന്ന മെനുവിൽ നിന്നും ഓരോ പ്രോജക്ടുകളുടേയും സ്റ്റാറ്റസ് (including Bill Status, Allotment Status and Treasury Status) അറിയുവാൻ സാധിക്കും. (ചിത്രം 3.2)





(ചിത്രം 3.2)

ഭരണാനുമതി ലഭിച്ച പ്രോജക്കുകളുടെ സാങ്കേതികാനുമതി ചേർക്കുകയാണ് അടുത്തതായി ചെയ്യേണ്ടത്. അതിനായി Road Project List എന്ന മെനുവിൽ നിന്നും TS List എന്ന മെനു തെരെഞ്ഞെടുക്കുക. (ചിത്രം 3.3)




(ചിത്രം 3.3)


തുടർന്ന് വരുന്ന സ്ക്രീനിൽ സാങ്കേതിക അനുമതി വിശദാംശങ്ങൾ ചേർക്കുക എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. സാങ്കേതിക അനുമതി ചേർക്കാനുള്ള സ്ക്രീൻ ലഭ്യമാകുന്നതാണ്. (ചിത്രം 3.3.1) സാങ്കേതിക അനുമതി വിശദാംശങ്ങൾ ചേർത്ത് Submit ബട്ടൺ ക്ലിക്ക് ചെയ്യുക.




(ചിത്രം 3.3.1)


ഡാഷ്ബോർഡിലും പ്രോജക്ട് സ്റ്റാറ്റസ്സിലും സ്റ്റാറ്റസ് മാറുന്നതാണ്. ഒരു തവണ TS Entry നടത്തിയ പ്രോജക്കുകളിൽ Work Awarding പൂർത്തിയാകുന്നതുവരെ Technical Sanction ൽ തിരുത്തൽ

വരുത്തുന്നതിനോ പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനോ TS Recasting എന്ന മെനു വഴി സാധിക്കുന്നതാണ്. (ചിത്രം 3.3.2)





(ചിത്രം 3.3.2)

Work Awarding പൂർത്തിയായ പ്രോജക്ടുകളുടെ Technical Sanction ൽ തിരുത്തൽ വരുത്തുന്നതിന് Road Project List മെനുവിലെ T S Revision എന്ന മെനു വഴി സാധിക്കുന്നതാണ്. (ചിത്രം 3.3.3).





(ചിത്രം 3.3.3)

Revise എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്. (ചിത്രം 3.3.4)




(ചിത്രം 3.3.4)





(ചിത്രം 3.3.5)

Revision details entry ചെയ്ത് പൂർത്തിയായതിനു ശേഷം, Assistant Engineer ലോഗിനിൽ നിന്നും റിമാർക്ക് നൽകി അടുത്ത ലോഗിനിലേയ്ക്ക് നൽകാൻ സാധിക്കും.

**NB:- ഒരു തവണ Assistant Engineer ലോഗിനിൽ നിന്നും T S Revision Request നൽകി അപ്രൂവൽ കഴിഞ്ഞ പ്രോജക്ടുകൾ, Payment Request Pending സ്റ്റാറ്റസ്സിലുള്ള പ്രോജക്ടുകൾ, DLTC Members ലോഗിനിലുള്ള പ്രോജക്ടുകൾ, Full Payment Process പൂർത്തിയായിട്ടുള്ള പ്രോജക്ടുകൾ എന്നിവയ്ക്ക് T S Revision ചെയ്യാൻ സാധിക്കുന്നതല്ല.**


അടുത്തതായി Tender Details Entry ആണ് ചെയ്യേണ്ടത്. അതിനായി Road Project List എന്ന മെനുവിൽ നിന്നും Tendering Details തെരെഞ്ഞെടുക്കുക. (ചിത്രം 4).




(ചിത്രം 4)


View/Add Details എന്ന മെനുവിൽ നിന്നും View ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്നുവരുന്ന സ്ക്രീനിൽ വിവരങ്ങൾ ചേർത്ത് സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. (ചിത്രം 4.1)

Information Kerala Mission





(ചിത്രം 4.1)

സബ്മിറ്റ് ചെയ്തു കഴിയുമ്പോൾ Tender Opening Date, Tendering Details സ്ക്രീനിൽ കാണാവുന്നതാണ്.





(ചിത്രം 4.1.1)

Tendering Tabulation & Resolution Details ചേർക്കുന്നതിനായി ടി മെനു തെരഞ്ഞെടുക്കുക. (ചിത്രം 5)





(ചിത്രം 5)

View ബട്ടൺ ക്ലിക്ക് ചെയ്ത് ടാബുലേഷന്റേയും ഭരണാനുമതിയുടേയും വിവരങ്ങൾ ചേർക്കുക. (ചിത്രം 5.1)





(ചിത്രം 5.1)

അടുത്തതായി ഓരോ കോൺട്രാക്ടർക്കും Work Assign ചെയ്ത് നൽകുന്നതിനായി Work Awarding (Contractor) എന്ന മെനു തെരെഞ്ഞെടുക്കുക. (ചിത്രം 6)





(ചിത്രം 6)

Work Awarding (Contractor) entry പൂർത്തിയാകുന്ന മുറയ്ക്ക് Contractor Login create ആകുന്നതാണ്. കോൺട്രാക്ടർ ലോഗിൻ ക്രിയേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നൽകിയിരിക്കുന്ന ഇമെയിലിലേയ്ക്ക് ലോഗിൻ വിവരങ്ങൾ ലഭ്യമാകുകയും ചെയ്യും.


Work Awarding [Contractor details]
District *
Thrissur
Localbody *
Anthikkad Grama Panchayat
Project Name *
LRRP-2024-25NATTIKA LACSI.No:2547-VILLAGE OFFICE ROA
Estimate PAC *
54201
Mobile No *
9446564002
Name of Contractor *
misha
Type *
Individual or HUF
Company
Agreed PAC (in Rs) *
54201
Selection Notice No *
sdfsdf
Selection Notice date *
02/05/2025
Last date of agreement Execution without fine *
03/05/2025
Contractor's Registration Number *
18A/SES656
E-mail ID *
misha.ikm@kerala.gov.in
Present Address *
address
Aadhar Number *
121212121212
PAN *
1234567888
GST Reg. Number *
dfdfd122
Amount of Fine due to delay in Agreement Execution
Receipt no of fine
date of remittance of fine
dd/mm/yyyy
Agreement Number *
45345345
Agreement Date *
16/05/2025
Scheduled Date of Completion as per Agreement *
18/05/2025
Upload the Agreement copy
Agreement copy *
(type - PDF | maximum file size - 1MB)
Choose file
No file chosen
Upload
Download Agreement
Remove Agreement
Upload the Site Handover copy
Site Handover copy *
(type - PDF | maximum file size - 1MB)
Choose file
No file chosen
Upload
Download Handover copy
Remove Handover copy
Site Hand Over Date *
17/05/2025


## Physical Stage Marking

Assistant Engineer ലോഗിനിൽ നിന്നും Work Awarding ചെയ്യുന്ന പ്രോജക്ടുകൾ Assistant Engineer ലോഗിനിൽ Physical Stage മെനുവിൽ Marking ൽ ലിസ്റ്റ് ചെയ്യും. കോൺട്രാക്ടർ ലോഗിനിൽ Payment Request നടത്തുകയോ, Work Awarding ന് ശേഷം 30 ദിവസങ്ങൾ കഴിയുകയോ ചെയ്താൽ ടി പ്രോജക്ടുകൾ Pending മെനുവിലേയ്ക്ക് മാറുന്നതാണ്. ഈ രണ്ട് മെനുവിൽ നിന്നായാലും Physical Stage Marking ചെയ്യാവുന്നതാണ്. ചിത്രം 7 കാണുക.




(ചിത്രം 7)


Mark എന്ന ബട്ടൺ ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ തെരെഞ്ഞെടുക്കുന്ന സ്റ്റേജിനനുസരിച്ച് Physical Stage mark ചെയ്ത് സേവ് ചെയ്യാവുന്നതാണ്. (ചിത്രം 7.1). 25 ലക്ഷമോ അതിന് മുകളിലോ ഉള്ള തുകയുള്ള പ്രോജക്ടുകൾ Physical Stage Marking ചെയ്യുമ്പോൾ 30% ഓ അതിൽ കൂടുതലോ പണി പൂർത്തിയായാൽ DLTC Members ന്റെ ലോഗിനിലേയ്ക്ക് automatically send ചെയ്യുന്നതാണ്. കൂടാതെ ടി പ്രോജക്ടുകൾ 100 % പൂർത്തിയാകുമ്പോഴും DLTC Members ന്റെ ലോഗിനിലേയ്ക്ക് automatically send ചെയ്യപ്പെടുന്നതാണ്.




(ചിത്രം 7.1)

25 ലക്ഷമോ അതിൽ കൂടുതലോ തുകയുള്ള ഒരു പ്രോജക്ടിന്റെ പണി പൂർത്തിയാവുകയും Physical Stage Marking 100% ആയി നൽകുകയും ചെയ്താലും പണി പൂർത്തിയായ തീയതിയും The work is completed in all respect/The name board has been installed എന്ന ചെക്ക് ബോക്സ് ടിക് ചെയ്യുകയും, Name Board Installation ന് ചെലവഴിച്ച തുകയും (ചിത്രം 7.2) enter ചെയ്താൽ മാത്രമേ ടി പ്രോജക്ട് വെരിഫിക്കേഷനുവേണ്ടി DLTC

Member ലോഗിനിലേയ്ക്ക് അയയ്ക്കപ്പെടുകയുള്ളൂ (25 ലക്ഷത്തിന് താഴെയുള്ള തുകയുള്ള പ്രോജക്ടുകൾ random ആയി മാത്രം DLTC Member ലോഗിനിലേയ്ക്ക് അയയ്ക്കപ്പെടുന്നതാണ്). മുഴുവൻ തുകയും ഉപയോഗിക്കാതെതന്നെ പണി പൂർത്തീകരിക്കുകയും പൂർത്തീകരണ തീയതിയും The work is completed in all respect/The name board has been installed എന്ന ചെക്ക് ബോക്സ് ടിക് ചെയ്യുകയും ചെയ്ത് Name Board Installation ന് ചെലവഴിച്ച തുകയും നൽകിയാൽ ടി പ്രോജക്ട് (25 ലക്ഷമോ അതിൽ കൂടുതലോ തുകയുള്ള പ്രോജക്ടുകൾ) വെരിഫിക്കേഷനുവേണ്ടി DLTC Member ലോഗിനിലേയ്ക്ക് അയയ്ക്കപ്പെടുന്നതാണ്. 25 ലക്ഷത്തിന് താഴെയുള്ള തുകയുള്ള പ്രോജക്ടുകൾ random ആയി മാത്രം DLTC Member ലോഗിനിലേയ്ക്ക് അയയ്ക്കപ്പെടുന്നതാണ്.





(ചിത്രം 7.2)

## Payment Request

Work Awarding പൂർത്തിയായി കഴിഞ്ഞാൽ ഓരോ കോൺട്രാക്ടറിനും അവരവരുടെ ഇ-മെയിലിലേയ്ക്ക് ലോഗിൻ വിവരങ്ങൾ ലഭിക്കും. ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് https://cmlrrptwo.lsgkerala.gov.in ൽ ലോഗിൻ ചെയ്യാനും പേയ്മെന്റ് പ്രോസ്സസ് തുടങ്ങാനും സാധിക്കും. Payment Request രണ്ടു രീതിയിൽ ചെയ്യാൻ സാധിക്കും, Partial Payment Request / Full Payment Request. ഒരു വർക്ക് 100% ഉം പൂർത്തീകരിച്ചാൽ മാത്രമേ Full Payment Request നൽകാൻ സാധിക്കൂ.


Assistant Engineer Physical stage mark ചെയ്തിട്ടുള്ള പ്രോജക്ടുകളും Physical stage mark ചെയ്യാത്ത പ്രോജക്ടുകളും Contractor Payment request ചെയ്യുമ്പോൾ Assistant Engineer ലോഗിനിൽ Physical stage Pending ൽ list ചെയ്യുന്നതാണ് (ചിത്രം 8).




(ചിത്രം 8)

Assistant Engineer ലോഗിനിൽ Physical Stage Marking പൂർത്തിയാക്കുമ്പോൾ ഈ പ്രോജക്ടുകൾ Assistant Engineer ലോഗിനിൽ Payment Request Pending ൽ list ചെയ്യുന്നതാണ്. (ചിത്രം 8.1)


Information Kerala




(ചിത്രം 8.1)

ലിസ്റ്റ് ചെയ്യുന്ന പേയ്മെന്റ് റിക്വസ്റ്റുകൾക്ക് നേരെ കാണുന്ന Action ബട്ടണുകൾ ഉപയോഗിച്ച് തുടർ നടപടികൾ ചെയ്യാവുന്നതാണ്. ബട്ടണിൽ ക്ലിക്ക് ചെയ്താൽ കോൺട്രാക്ടർ അയച്ചിരിക്കുന്ന പേയ്മെന്റ് റിക്വസ്റ്റുകൾ കാണാനും വേണ്ട തിരുത്തലുകൾ വരുത്താനും അപ്രൂവലിന് സമർപ്പിക്കാനും സാധിക്കും. (ചിത്രം 8.2).

Information Kerala Mission


Payment Request Form

Account Details | Physical Stages | DLTC | Payment Request | File Uploads | Photo Uploads | Decision

**Payment**

Nature of Bill *: Partial Payment
Requested amount (in Rs) *: ₹ 1000000
Whether the Agreed PAC is inclusive of GST *: No
Whether the Contractor is registered as Individual / HUF or Company *: Individual
Deduct Previuos Part Bill Amount *: ₹ 0
Previous Part Bill Amount with GST *: ₹ 0
Work Done amount (in Rs) *: ₹ 1000000
Work Done amount Since last Bill (in Rs) *: ₹ 1000000
Sum of Deduction for Retention *: ₹ 25000
% of GST *: 18
Total amount of Bill Inclusive of GST(in Rs) *: ₹ 1180000
Deduction for Empty Barrel: ₹ 15000
Date of actual Completion of Work *

**Statutory Deduction**


IT *: ₹ 10000
KCWWF *: ₹ 10000
KCWWF - Collection Charge *: ₹ 0
GST TDS - CGST *: ₹ 10000
GST TDS - SGST *: ₹ 10000
GST for Empty Barrel *: ₹ 2700
Departmental Supply ☐
Flood Cess for Empty Barrel: ₹
Miscellaneous Deductions (if any): ₹
Miscellaneous Remarks

Click here for Net Deduction: ₹ 42700
Click here for Amount to Contractor: ₹ 1097300

Close | Save


(ചിത്രം 8.2)

സേവ് ചെയ്യുകഴിഞ്ഞാൽ KPW FORM 23, Copy of GST Registration, PAN Card, Bank Pass Book എന്നിവ upload ചെയ്യാൻ സാധിക്കും. (ചിത്രം 8.3)





(ചിത്രം 8.3)

അടുത്ത ടാബിൽ ഇതുവരെ പൂർത്തിയായ പണികളുടെ ഫോട്ടോ ചേർക്കാവുന്നതാണ്. ഒരു വർക്കിന് 10 ഫോട്ടോകൾ വരെ ചേർക്കാവുന്നതാണ്. (ചിത്രം 8.4).





(ചിത്രം 8.4)

റിമാർക്ക് രേഖപ്പെടുത്തിയ ശേഷം പേയ്മെന്റ് റിക്വസ്റ്റ് അടുത്ത ലോഗിനിലേയ്ക്ക് അയയ്ക്കാവുന്നതാണ്. (ചിത്രം 8.5).





(ചിത്രം 8.5)

Physical Stage Marking ചെയ്യുമ്പോൾ 30% ഓ അതിൽ കൂടുതലോ പണി പൂർത്തിയായ 25 ലക്ഷമോ അതിൽ കൂടുതലോ തുകയുള്ള എല്ലാ പ്രോജക്ടുകളും DLTC Members ന്റെ ലോഗിനിലേയ്ക്ക് automatically send ചെയ്യുന്നതാണ്. 25 ലക്ഷത്തിൽ കുറവ് തുകയുള്ള പ്രോജക്ടുകൾ ക്രമരഹിതമായി DLTC Members ന്റെ ലോഗിനിലേയ്ക്ക് send ചെയ്യുന്നതാണ്. DLTC Members അപ്രൂവ് ചെയ്ത പ്രോജക്ടുകൾ അതത് Assistant Engineer ലോഗിനിൽ DLTC Approved Projects എന്ന മെനുവിൽ കാണാൻ സാധിക്കുന്നതാണ്. (ചിത്രം 9).




(ചിത്രം 9)


DLTC Rejected Projects, Executive Engineer ലോഗിനിൽ നിന്നും Assistant Engineer ലോഗിനിൽ അയയ്ക്കുന്നമുറയ്ക്ക് മാത്രമേ DLTC Rejected Projects എന്ന മെനുവിൽ കാണാൻ സാധിക്കുകയുള്ളൂ. (ചിത്രം 9.1)




(ചിത്രം 9.1)


ഒരു തവണ DLTC Reject ചെയ്ത പ്രോജക്ടുകൾ Executive Engineer ലോഗിനിൽ നിന്നും Assistant Engineer ലോഗിനിലേയ്ക്ക് അയയ്ക്കുകയും Assistant Engineer വേണ്ട തിരുത്തലുകൾ വരുത്തി, അന്തിമ തീരുമാനത്തിനായി Assistant Executive Engineer വഴി Executive Engineer ലോഗിനിലേയ്ക്ക് തിരികെ നൽകുകയും ചെയ്യുന്നു.

Assistant Engineer ലോഗിനിൽ നിന്നും Forward ചെയ്യുന്ന Payment Requests, Assistant Executive Engineer ലോഗിനിൽ Payment Process മെനുവിൽ ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 10)





(ചിത്രം 10)

Action മെനുവിലുള്ള ബട്ടനിൽ ക്ലിക്ക് ചെയ്യാൽ Payment Request Details കാണാവുന്നതാണ്. ബട്ടണിലാണ് തുടർ നടപടികൾ ചെയ്യുന്നതിനായി ക്ലിക്ക് ചെയ്യേണ്ടത്. (ചിത്രം 10.1)





(ചിത്രം 10.1)

Remark രേഖപ്പെടുത്തി Forward / Return ചെയ്യാവുന്നതാണ്. (ചിത്രം 10.2)





(ചിത്രം 10.2)

Assistant Executive Engineer ലോഗിനിൽ നിന്നും Forward ചെയ്യപ്പെട്ട Payment Requests, EE Accounts ലോഗിനിൽ Payment Process മെനുവിൽ ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 10.3)




(ചിത്രം 10.3)

Action ബട്ടൺ ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ Payment Details, Payment History എന്നിവ കാണാനും Payment Requests അടുത്ത ലോഗിനിലേയ്ക്ക് Forward ചെയ്യാനും കഴിയും. (ചിത്രം 10.4)





(ചിത്രം 10.4)

ഏതെങ്കിലും Drawing Branch ലോഗിനിലേയ്ക്ക് നൽകിയ Payment Request മറ്റേതെങ്കിലും Drawing Branch ലോഗിനിലേയ്ക്ക് നൽകണമെങ്കിൽ EE Accounts ലോഗിനിൽ Pull Back option ലഭ്യമാണ്. (ചിത്രം 10.4.1)





(ചിത്രം 10.4.1)

Drawing Branch ലോഗിനുകളിലേയ്ക്ക് Forward ചെയ്യപ്പെട്ട Payment Requests ലെ തീരുമാനങ്ങൾ അതത് ലോഗിനുകളിൽ രേഖപ്പെടുത്തി Forward / Return ചെയ്യാവുന്നതാണ്. (ചിത്രം 10.5)





(ചിത്രം 10.5)

Payment Requests, ജില്ലാപഞ്ചായത്തിലെ സൂപ്രണ്ടിന്റെ ലോഗിനിൽ Payment Process ൽ ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 10.6)





(ചിത്രം 10.6)

ഇവിടെ പരിശോധന പൂർത്തിയാക്കിയ Payment Requests, Divisional Accountant ലോഗിനിലേയ്ക്ക് Forward ചെയ്യുകയോ, DB ലോഗിനുകളിലേയ്ക്ക് തിരികെ നൽകുകയോ ചെയ്യാവുന്നതാണ്. (ചിത്രം 10.7)





(ചിത്രം 10.7)

Divisional Accountant ലോഗിനിൽ ലഭിച്ച Payment Requests, Payment Process മെനു തെരഞ്ഞെടുത്ത് അന്തിമ തീരുമാനത്തിനായി Executive Engineer ലോഗിനിലേയ്ക്ക് നൽകുകയോ, ഏതെങ്കിലും തരത്തിലുള്ള തിരുത്തൽ വരുത്താനുണ്ടെങ്കിൽ ആയതിനായി Return ചെയ്ത് നൽകുകയോ ചെയ്യാവുന്നതാണ്. (ചിത്രം 10.8)





(ചിത്രം 10.8)

Divisional Accountant Forward ചെയ്ത Payment Request, DP Executive Engineer ലോഗിനിൽ നിന്നും തെരഞ്ഞെടുത്ത്, Action ബട്ടണിലെ Payment Process ൽ ക്ലിക്ക് ചെയ്ത് പരിശോധിക്കുവാനും റിമാർക്ക് രേഖപ്പെടുത്തി Approve / Return ചെയ്യാനും സാധിക്കും. (ചിത്രം 10.9).





(ചിത്രം 10.9)

Executive Engineer, Payment Request Approve ചെയ്യുമ്പോൾ ഒരു confirmation message ചോദിക്കുന്നതാണ് (ചിത്രം 10.10).




(ചിത്രം 10.10)


Executive Engineer, Payment Request അപ്രൂവ് ചെയ്തുകഴിഞ്ഞാൽ പ്രസ്തുത Payment Request ന് ഗവൺമെന്റിൽ നിന്നും അനുവദിക്കപ്പെട്ട Allotment ന്റെ വിവരങ്ങൾ നൽകി Proceedings Generate ചെയ്യേണ്ടതാണ്. ആയതിനായി Payment Process മെനുവിൽ നിന്നും Proceedings തെരെഞ്ഞെടുക്കുക (ചിത്രം10.11).





(ചിത്രം 10.11)

ബട്ടണിൽ ക്ലിക്ക് ചെയ്ത് Allotment Number, Allotment Date. GO Number, GO date എന്നിവ നൽകി Submit ബട്ടൺ ക്ലിക്ക് ചെയ്യുക. (ചിത്രം 10.11.1). Treasury യിലേയ്ക്ക് നൽകാനുള്ള Proceedings ഈ

ബട്ടണിൽ ക്ലിക്ക് ചെയ്ത് എടുക്കാൻ സാധിക്കും. (ചിത്രം 10.11.2). Proceedings menu EE Accounts ലോഗിനിലും ലഭ്യമാണ്.




(ചിത്രം 10.11.1)



**Alappuzha ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ: M K Vijayakumar)**

വിഷയം: തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് RRP-LRRP 2024-25 -AROOR LAC - SL NO : 0162- PUTHENKAVU - PALAKKEL ROAD WARD 14 - THURAVOOR GP-PATTANAKKAD BP-ALAPPUZHA DISTRICT (1669450) തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉത്തരവ് നമ്പർ G.O (P) 43/2025/PE-2 തീയതി : 03-10-2025**

പരാമർശം:

1) സ.ഉ.(കൈ) നം.14/2025/LSGD

2) CMLRRP MIS മാർഗേന അസിസ്റ്റന്റ് എഞ്ചിനീയർ Jisha Antony, Ezhupunna Grama Panchayat സമർപ്പിച്ച .................... ................................Requisition No and date

3) ABC/12/2025/LSGD/A-4 (Allotment No) and (date) 01-10-2025

Alappuzha ജില്ലയിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഉൾപ്പെട്ട നടപ്പിലാക്കിയ RRP-LRRP 2024-25 -AROOR LAC - SL NO : 0162- PUTHENKAVU - PALAKKEL ROAD WARD 14 - THURAVOOR GP-PATTANAKKAD BP-ALAPPUZHA DISTRICT എന്ന പ്രവൃത്തിയുടെ CC Partial തുകയായ 1669450/- രൂപ ABC/12/2025/LSGD/A-4 അലോട്ട്മെന്റ് നമ്പർ 01-10-2025 തീയതി പ്രകാരം എല്ലാ നിയമാനുസൃത നികുതികളും ഈടാക്കി (DDO കോഡ്) മുഖേന Head of Account 4515-00-800-89 നിന്നും അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ


പകർപ്പ് :

1. ജില്ലാ/സബ് ട്രഷറി Alappuzha
2. നിർവ്വഹണ ഉദ്യോഗസ്ഥർ
3. പി ഇ സെക്ഷൻ
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി


Print

(ചിത്രം 10.11.2)


Payment Process പൂർത്തിയാകുന്നതിനായി Send to BiMS എന്ന മെനു സെലക്ട് ചെയ്ത് Treasury യിലേയ്ക്ക് Forward ചെയ്യേണ്ടതാണ്. (ചിത്രം10.12).




(ചിത്രം10.12)





(ചിത്രം10.12.1)





(ചിത്രം 10.12.2)

ഇത്തരത്തിലുള്ള പ്രോജക്ടുകൾക്കുള്ള Allotted Amount Government ൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ബില്ലുകൾ ട്രഷറിയിലേയ്ക്ക് Send ചെയ്യാൻ സാധിക്കുകയുള്ളൂ. (ചിത്രം10.12.3)




(ചിത്രം10.12.3)


ഇത്തരത്തിൽ ട്രഷറിയിലേയ്ക്ക് Send ചെയ്ത ബില്ലുകൾ Forwarded to BiMS എന്ന മെനുവിൽ ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 10.13)




(ചിത്രം 10.13)


## DLTC Process

ഓരോ ജില്ലയിലേയും DLTC Members ന് വേണ്ടിയുള്ള Login Credentials Chief Engineer ലോഗിനിൽ നിന്നും create ചെയ്യാവുന്നതാണ്. അതിനായി DLTC Members എന്ന മെനു തെരെഞ്ഞെടുക്കേണ്ടതാണ്. (ചിത്രം 11)





(ചിത്രം 11)

Add New ബട്ടൺ ക്ലിക്ക് ചെയ്താൽ (ചിത്രം 11.1) ലെ സ്ക്രീൻ ലഭിക്കും.





(ചിത്രം 11.1)

Name, E-mail ID, Mobile Number എന്നിവ നൽകി Save button click ചെയ്യുക.(ചിത്രം 11.2)





(ചിത്രം 11.2)

User Creation പൂർത്തിയാകുമ്പോൾ അവരവരുടെ E-mail ID ലേയ്ക്ക് Password automatically send ആകുന്നതാണ്. E-mail ID ആയിരിക്കും user name. (ചിത്രം 11.3)




(ചിത്രം 11.3)


Create ചെയ്ത User details ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 11.4)




(ചിത്രം 11.4)

User creation പൂർത്തിയാകുമ്പോൾ user status Active എന്നായിരിക്കും. (ചിത്രം 11.4)  Action ബട്ടണിൽ ക്ലിക്ക് ചെയ്ത് user status മാറ്റാൻ സാധിക്കുന്നതാണ്.


DLTC അപ്രൂവ് ചെയ്തതോ റിജക്റ്റ് ചെയ്തതോ ആയ പ്രോജക്റ്റ് വിവരങ്ങൾ, Assistant Engineer, Assistant Executive Engineer, Executive Engineer എന്നീ ലോഗിനുകളിലെ DLTC എന്ന മെനുവിൽ നിന്നും ലഭ്യമാകുന്നതാണ്. (ചിത്രം 12)




| Sl. No | Project Name | Project Id | Serial No | As Amount | View Details |
|---|---|---|---|---|---|
| 1 | RRP-LRRP 2024-25 -AROOR LAC - SL NO : 2140- ALUMPARAMBU - PURANDARESWARAM ROAD WARD 6-THURAVOOR GP-PATTANAKKAD BP-ALAPPUZHA DISTRICT | 1291 | 2140 | 3000000 | View |
| 2 | LRRP 2024-25 Aroor LAC 3288 Ezhupunna grama panchayath ward 11 NH Mattapally Palathinkal road Ezhupunna G P Pattanakad Block panchayath Alappuzha district. | 1299 | 3288 | 2500000 | View |
| 3 | LRRP 2024-25 Aroor LAC 3528 Ezhupunna grama panchayath ward 1011 Puthussery colony road Ezhupunna G P Pattanakad Block panchayath Alappuzha district | 1300 | 3528 | 2600000 | View |
| 4 | LRRP 24- 25 CHERTHALA-LAC SL NO 2046 VALIYATHARAKKARI ROAD WARD7 VAYALAR GP PATTANAKAD BPALAPPUZHA DIST | 1286 | 2046 | 3000000 | View |
| 5 | LRRP 2024-25 Aroor LAC 482 Ezhupunna grama panchayath ward 4 KPMS-Inchuparambu road Ezhupunna G P Pattanakad Block panchayath Alappuzha district. | 1297 | 482 | 2500000 | View |

(ചിത്രം 12)


DLTC rejected projects, Executive Engineer ലോഗിനിൽ ലിസ്റ്റ് ചെയ്യുകയും ടി ലോഗിനിൽ നിന്നും Remarks രേഖപ്പെടുത്തി Submit (ചിത്രം 12.1) ചെയ്യുന്നതോടെ Assistant Engineer ലോഗിനിൽ ലിസ്റ്റ് ചെയ്യുകയും ചെയ്യും.




(ചിത്രം 12.1)


Assistant Engineer ഇത്തരം പ്രോജക്ടുകൾ പരിശോധിച്ച് റിമാർക്ക് രേഖപ്പെടുത്തി Assistant Executive Engineer ന് സമർപ്പിക്കുകയും  Assistant Executive Engineer പരിശോധിച്ച് റിമാർക്ക് രേഖപ്പെടുത്തി Executive Engineer ന് അന്തിമ തീരുമാനത്തിനായി നൽകുകയും വേണം. Executive Engineer Reject ചെയ്ത പ്രോജക്ടുകൾ Assistant Engineer വീണ്ടും പരിശോധിച്ച് അംഗീകാരത്തിന് നൽകേണ്ടതാണ്.

Executive Engineer ലോഗിനിൽ DLTC എന്ന മെനുവിൽ DLTC Rejected Projects ൽ ലിസ്റ്റ് ചെയ്യുന്ന പ്രോജക്ടുകളുടെ വലത് വശത്തായുള്ള view (ചിത്രം 12.2) ബട്ടണിൽ ക്ലിക്ക് ചെയ്താൽ (ചിത്രം 12.3) ലേതു പോലുള്ള സ്ക്രീൻ ലഭിക്കും.




(ചിത്രം 12.2)


ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട് Assistant Engineer, Assistant Executive Engineer, DLTC Member എന്നിവർ രേഖപ്പെടുത്തിയിട്ടുള്ള റിമാർക്കുകളും റിപ്പോർട്ടുകളും ഈ സ്ക്രീനിൽ കാണാവുന്നതാണ്. Executive Engineer റിമാർക്ക് രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യുന്ന പ്രോജക്റ്റ് റിപ്പോർട്ടുകൾ Assistant Engineer ലോഗിനിൽ ലിസ്റ്റ് ചെയ്യുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പ്രോജക്റ്റുകളുടെ തുടർ നടപടികൾ Assistant Engineer ലോഗിനിൽ ചെയ്യാവുന്നതാണ്.




(ചിത്രം 12.3)


## Payment Allotment Request Process

Executive Engineer, Payment requests Approve ചെയ്യുന്ന Projects, Allotment process നായി Chief Engineer ഓഫീസിലെ Accounts (CE verifier) ലോഗിനിൽ Allotment Request മെനുവിൽ list ചെയ്യുന്നതാണ്. (ചിത്രം 13)




(ചിത്രം 13)


Chief Engineer ഓഫീസിലെ verifier ഓരോ ജില്ലയിലെയും Allotment requests പരിശോധിച്ച് Check box check ചെയ്ത് Remarks രേഖപ്പെടുത്തി Chief Engineer ലോഗിനിലേയ്ക്ക് forward ചെയ്യേണ്ടതാണ്. (ചിത്രം 13.1)




(ചിത്രം 13.1)


Chief Engineer അപ്രൂവ് ചെയ്യുന്ന Allotment Requests ഗവൺമെന്റിലേയ്ക്ക് അംഗീകാരത്തിനായി നൽകേണ്ടതാണ്.

അംഗീകാരത്തിനായി ഗവൺമെന്റിലേയ്ക്ക് നൽകിയ Allotment Requests അംഗീകാരം ലഭിച്ചതിനുശേഷം CE Verifier ലോഗിനിൽ അംഗീകാരം ലഭിച്ച തുകയുടെ വിവരങ്ങൾ ചേർത്ത് നൽകേണ്ടതുണ്ട്. ആയതിനായി CE Verifierലോഗിനിൽ Allotted Projects എന്ന മെനു തെരെഞ്ഞെടുക്കുക. (ചിത്രം 13.2)





(ചിത്രം 13.2)

അംഗീകാരം ലഭിച്ച Allotment Request ന് നേർക്കുള്ള view ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ചിത്രം 13.2.1).





(ചിത്രം 13.2.1)

മുൻപ് ലഭിച്ച തുകയിൽ ബാലൻസുള്ള തുക അവിടെ കാണാവുന്നതാണ്. Add ബട്ടൺ ക്ലിക്ക് ചെയ്ത് നിലവിലെ തുക നൽകി Generate ബട്ടൺ ക്ലിക്ക് ചെയ്താൽ available ആയ തുകയ്ക്ക് എത്ര പ്രോജക്ടുകൾക്ക് Payment നൽകാൻ സാധിക്കുമോ, അത്രയും പ്രോജക്ടുകൾ automatically select ആകുന്നതാണ്. (ചിത്രം 13.3).





(ചിത്രം 13.3)

ഗവൺമെന്റ് അംഗീകാരം നൽകിയ ഓർഡർ നമ്പരും തീയതിയും നൽകി Submit ബട്ടൺ ക്ലിക്ക് (ചിത്രം 13.3) ചെയ്യുന്നതോടെ അപ്രൂവലിനായി CE ലോഗിനിൽ ലഭ്യമാകുന്നതാണ്.





(ചിത്രം 13.3)





(ചിത്രം 13.3.1)

CE ലോഗിനിൽ Allotted Projects തെരെഞ്ഞെടുത്താൽ verifier ലോഗിനിൽ നിന്നും അംഗീകാരത്തിനയച്ച Allotments കാണാൻ സാധിക്കും. (ചിത്രം 13.4)





(ചിത്രം 13.4)

ഇവിടെ നിന്നും details view ചെയ്ത് approve ചെയ്യാനും (ചിത്രം 13.4.1) അപ്രൂവലിന് ശേഷം Proceedings print (ചിത്രം 13.4.2) എടുക്കാനും സാധിക്കും.




(ചിത്രം 13.4.1)



**ഭരണഭാഷ - മാതൃഭാഷ**

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ , നന്തൻകോട്
കവടിയാർ പി.ഓ, തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ് : principaldirectorate.lsgkerala.gov.in

No. LSGD/PD/35195/2025-EW1 തീയതി: 14/11/2025

ചീഫ് എഞ്ചിനീയർ

സ്പെഷ്യൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ (പി പി) വകുപ്പ്
തിരുവനന്തപുരം

സർ,

**വിഷയം:** ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - CMLRRP 2.0 –ൽ ഉൾപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നത് - സംബന്ധിച്ച്

**സൂചന:**
1. സർക്കാർ സർക്കുലർ DB2/392/2024-LSGD-part1, തീയതി 29.11.2024
2. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്ന് ലഭിച്ച അപേക്ഷ

CMLRRP 2.0–ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അപേക്ഷിച്ചിട്ടുണ്ട്. ടി റുക്വിസിഷനുകളുടെ അടിസ്ഥാനത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധത്തിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് "4515-00-800-89 maintenance of roads under LSGD" എന്ന ശീർഷകത്തിൽ നിന്നും **₹2950000.00** സൂചന (1) സർക്കുലർ പ്രകാരം അനുവദിക്കുന്നതിനായി അപേക്ഷിക്കുന്നു.


വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ


**ഉള്ളടക്കം: റിക്വസിഷൻ വിവരങ്ങൾ**

| Sl. No. | District | Name of Work | AS Order | AS Amount (₹) | TS Amount (₹) | Current Requested Amount (₹) | Bill Type | DDO/SCO Code |
|---|---|---|---|---|---|---|---|---|
| 1 | Malappuram | LRRP-2024-25 PONNANI LAC SI. NO.3144 KUNJIMOYDEEN SMAARAKA ROAD MARANCHERY GP-WARD 14 MALAPPURAM DISTRICT | സ.ഉ.(കൈ) നം.14/2025/LSGD | 2500000.00 | 2500000.00 | 2950000.00 | Full Payment | 1501520346 |

CE ലോഗിനിൽ നിന്നും അപ്രൂവ് ചെയ്ത് വിവരങ്ങൾ PD Operatorലോഗിനിൽ Payment Allotment Proceedings എന്ന മെനുവിൽ കാണാൻ സാധിക്കും. Operatorലോഗിനിൽ നിന്നും വെരിഫയർ ലോഗിനിലേയ്ക്ക് Forward ചെയ്യുന്നതിനും (ചിത്രം 14) വെരിഫയർ ലോഗിനിൽ നിന്നും അപ്രൂവർ ലോഗിനിലേയ്ക്ക് Forward ചെയ്യുന്നതിനും സാധിക്കും.





(ചിത്രം 14)





(ചിത്രം 14.1)


PD Approver ലോഗിനിൽ Payment Allotment Proceedingsൽ ലിസ്റ്റ് ചെയ്യുന്ന വിവരങ്ങൾ കാണാനും അപ്രൂവ് ചെയ്യാനും സാധിക്കും. (ചിത്രം 15)





(ചിത്രം 15)

NB: അപ്രൂവ് ആകുന്നതിനോടൊപ്പം ലിസ്റ്റ് ക്ലിയർ ആകുന്നതാണ്, ആയതിനാൽ അപ്രൂവ് ചെയ്യുന്നതിന് മുൻപായി View PDF ബട്ടണിൽ ക്ലിക്ക് ചെയ്ത് Proceedings വിവരങ്ങൾ PDF ആയി സേവ് ചെയ്യാവുന്നതാണ്.




അലോട്ട്മെന്റ് ലഭിച്ച തുകയുടെ വിവരങ്ങൾ അതത് ജില്ലയിലെ Executive Engineer ലോഗിനിൽ Payment Allotment Proceedings മെനുവിൽ നിന്നും ലഭിക്കുന്നതാണ്. (ചിത്രം 16)




(ചിത്രം 16)

View PDF എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് Proceedings print എടുക്കാവുന്നതാണ്. (ചിത്രം 16.1)

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

**ചീഫ് എഞ്ചിനീയരുടെ നടപടിക്രമം**
**(ഹാജർ: (CE))**

**വിഷയം:** തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - LID&EW മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പരാമർശം:**

1. GO(P)2000/2025/Fin - 01/11/2025

**ഉത്തരവ് നമ്പർ:**CE/LSGD/20251115/2 / 15/11/2025

മലപ്പുറം ജില്ലയിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ **1** പ്രവൃത്തികളുടെ ആകെ ബിൽ തുകയായ **2950000 /-** രൂപ പരാമർശം (1) പ്രകാരം അനുവദിക്കുകയും, ആയതു **"4515-00-800-89 Maintenance of Roads Under LSGD"** എന്ന ശീർഷകത്തിൽ നിന്നും **മലപ്പുറം ജില്ലാ പഞ്ചായത്ത്** എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **DDO Code ആയ 1501520346** ലേക്ക് അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എല്ലാ നിയമാനുസൃത നികുതികളും സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ ഈടാക്കേണ്ടതും, ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്. പ്രവർത്തികളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.

**പകർപ്പ് :**

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം
2. ജില്ലാ/സബ് ട്രഷറി മലപ്പുറം
3. പി ഇ സെക്ഷൻ, Principal Directorate
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉള്ളടക്കം: റികൺസിലിഷൻ വിവരങ്ങൾ**

| Sl. No. | District | Name of Work | Alloted Amount (₹) | Bill Type |
|---|---|---|---|---|
| 1 | Malappuram | LRRP-2024-25 PONNANI LAC Sl. NO.3144 KUNJIMOYDEEN SMAARAKA ROAD MARANCHERY GP-WARD 14 MALAPPURAM DISTRICT | 2950000.00 | Full Payment |

(ചിത്രം 16.1)